## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 186** **02/03/2020-ലെ മറുപടിക്ക്**

**<u>പറമ്പിക്കുളം- ആളിയാർ കരാർ</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ)പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കണമെന്ന് രണ്ട് സംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രിമാർ നടത്തിയ ചർച്ചയിൽ ധാരണയായിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) ഇതിന്റെയടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;<br><br>സി) കേരളവും തമിഴ്നാടും തമ്മിൽ ഇതിന്റെ ഭാഗമായി ഔദ്യോഗിക ചർച്ച നടത്തിയിട്ടുണ്ടോ;<br><br>ഡി) പ്രസ്തുത ചർച്ചയിൽ സംസ്ഥാനം മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; അതിനോടുള്ള തമിഴ്നാടിന്റെ പ്രതികരണം വ്യക്തമാക്കുമോ? | ബി, സി & ഡി | 25/09/2019-ന് തിരുവനന്തപുരത്ത് ചേർന്ന കേരള തമിഴ്നാട് മുഖ്യമന്ത്രിതല ചർച്ചയിൽ പറമ്പിക്കുളം ആളിയാർ കരാർ പുനരവലോകനം ചെയ്യുന്നതിനായി ഇരു സംസ്ഥാനങ്ങളിലേയും ജലവിഭവ വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ സാങ്കേതിക അംഗങ്ങൾ ഉൾപ്പെടെ 5 ഉദ്യോഗസ്ഥർ വീതമുള്ള ഒരു സംയുക്ത കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആനമലയാർ, നീരാർ, നല്ലാർ ഡൈവേർഷനുകൾ പറമ്പിക്കുളം സിസ്റ്റത്തിൽ നിന്നും കേരളത്തിന് അവകാശപ്പെട്ട 2.5 ടി.എം.സി ജലം ലഭ്യമാക്കുന്നതും, ചിറ്റൂർ പുഴ പ്രദേശത്തു നിന്നും കേരളത്തിൽ ലഭ്യമാകുന്ന ജലത്തിന്റെ അളവിലുള്ള കുറവ് സംബന്ധിച്ച വിഷയങ്ങളും പ്രസ്തുത കമ്മിറ്റി പരിഗണിക്കുന്നതാണ്. ഈ കമ്മിറ്റിയുടെ ആദ്യയോഗം 12/12/2019 ന് ചെന്നൈയിൽ നടന്നു.<br><br>കരാർ പ്രകാരം അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നും കരാറിലെ നിലവിലുള്ള വ്യവസ്ഥകൾ പാലിക്കണമെന്നും പ്രസ്തുത ചർച്ചയിൽ കേരളം, തമിഴ്നാടിനോട് ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത ചർച്ചയിൽ, കേരളം ആവശ്യപ്പെട്ട പ്രകാരം |

കരാർ പുനരവലോകനവുമായി ബന്ധപ്പെട്ട് കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ള പറമ്പിക്കുളം സിസ്റ്റത്തിന്റെ ഡാറ്റായും, പി.എ.പി സിസ്റ്റത്തിൽ ഉൾപ്പെടുന്ന എല്ലാ റിസർവ്വോയറുകളുടെയും യഥാർത്ഥ ലഭ്യതയും പുന:പരിശോധിക്കുവാൻ കമ്മിറ്റി തീരുമാനിക്കുകയുണ്ടായി.

പറമ്പിക്കുളം ആളിയാർ കരാർ പ്രകാരം ജലവിഭജനത്തിനും വിതരണത്തിനും അധികാരമുള്ള ജെ.ഡബ്ല്യൂ. ആർ. ബോർഡ് യോഗങ്ങളുടെ എണ്ണം കൂട്ടണമെന്ന് കേരളം ആവശ്യപ്പെട്ടതനുസരിച്ച് ജെ. ഡബ്ല്യൂ. ആർ ബോർഡ് യോഗങ്ങളുടെ എണ്ണം കൂട്ടുവാനും (വർഷത്തിൽ നാലു യോഗങ്ങൾ കൂട്ടുവാനും, ആവശ്യത്തിന് അനുസരിച്ച് കൂടുതൽ യോഗങ്ങൾ കൂട്ടുവാനും) തീരുമാനിക്കുകയുണ്ടായി. അതോടൊപ്പം പി.എ.പി യിലെ എല്ലാ Gauging Points ലും Real Time Data Acquisition System നടപ്പിലാക്കുവാനും ഇരു സംസ്ഥാനങ്ങളും ആവശ്യപ്പെട്ടു. ഇതിന്റെ പ്രൊപ്പോസൽ ജെ. ഡബ്ല്യൂ. ആർ ബോർഡിൽ സമർപ്പിക്കാമെന്ന് തമിഴ്നാട് സമ്മതിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ രണ്ടാമത്തെ യോഗം കൂട്ടുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ